File No.FWLD-B2/203/2018-FWLD

4409
15/3/21

"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

# കേരള സർക്കാർ

## സംഗ്രഹം

മറയൂർ റെയിഞ്ചിൽ 10/5/1990-ൽ നടന്ന ചന്ദനലേലത്തിൽ മെസേഴ്സ് റിയാസ് എന്റർപ്രൈസസ്, മദ്രാസ്, എന്ന സ്ഥാപനം ലേലംകൊണ്ട ചന്ദനം തുകയടച്ച് യഥാസമയം നീക്കംചെയ്യാത്തതുമൂലമുണ്ടായ സർക്കാർ നഷ്ടമായ 3,75,949/- രൂപ (മൂന്ന് ലക്ഷത്തി എഴുപത്തി അയ്യായിരത്തി തൊള്ളായിരത്തി നാൽപ്പത്തി ഒൻപത് രൂപ മാത്രം) എഴുതിത്തള്ളാൻ അനുവാദം നല്കിക്കൊണ്ടും ടി സ്ഥാപനത്തെ ബ്ലാക്ക് ലിസ്റ്റിൽപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കുന്നതിന് അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (സംരക്ഷണം)-നെ ചുമതലപ്പെടുത്തിക്കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

വനം വന്യജീവി (ബി) വകുപ്പ്

സ.ഉ.(സാധാ) നം.61/2021/വനം തീയതി,തിരുവനന്തപുരം, 23/02/2021

---

പരാമർശം:- അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (സംരക്ഷണം)-ന്റെ 9/7/2015- ലെ പ്രൊ9 - 2635/10 നമ്പർ കത്ത്.

## ഉത്തരവ്

മറയൂർ റെയിഞ്ചിൽ 10/05/1990-ൽ നടന്ന ചന്ദനലേലത്തിൽ, M/s. റിയാസ് എന്റർപ്രൈസസ്, 921, വി.എച്ച്.റോഡ്, മദ്രാസ്-84, എന്ന സ്ഥാപനം 25,68,070/- രൂപയുടെ (ഇരുപത്തിയഞ്ചു ലക്ഷത്തി അറുപത്തിയെണ്ണായിരത്തി എഴുപത് രൂപ മാത്രം) ചന്ദനം ലേലം കൊള്ളുകയുണ്ടായി. ടി തുകയും വിവിധനികുതികളും ഉൾപ്പെടെ ആകെ 31,95,680/- രൂപയാണ് (മുപ്പത്തൊന്ന് ലക്ഷത്തി തൊണ്ണൂറ്റയ്യായിരത്തി അറുനൂറ്റി എൺപത് രൂപാ മാത്രം) ടി സ്ഥാപനം സർക്കാരിലേക്ക് അടയ്ക്കേണ്ടിയിരുന്നത്. ലേല ദിവസം ടി സ്ഥാപനം ആർ.ആർ.നമ്പർ 5/90-91 പ്രകാരം 50,000/- രൂപ അടച്ചിരുന്നു. എന്നാൽ ലേലതുക അടയ്ക്കാത്തതിനാൽ 06/12/90-ൽ പുനർലേലം ചെയ്യുകയുണ്ടായി. ടി പുനർ ലേലത്തിൽ 23,39,176/- രൂപയ്ക്ക് (ഇരുപത്തിമൂന്ന് ലക്ഷത്തി മുപ്പത്തൊൻപതിനായിരത്തി ഒരുനൂറ്റി എഴുപത്തിയാറ് രൂപ മാത്രം) ചന്ദനം വിറ്റുപോകുകയും, വിവിധ നികുതികൾ അടക്കം 27,69,731/-രൂപ (ഇരുപത്തിയേഴ് ലക്ഷത്തി അറുപത്തിയൊൻപതിനായിരത്തി എഴുനൂറ്റി മുപ്പത്തൊന്ന് രൂപ മാത്രം) സർക്കാരിന് ലഭിക്കുകയും ചെയ്തു. എന്നാൽ, ടി പുനർലേലത്തിലെ സർക്കാർ നഷ്ടം 4,25,949/- (നാല് ലക്ഷത്തി ഇരുപത്തയ്യായിരത്തി തൊള്ളായിരത്തി നാൽപത്തൊൻപത് രൂപ മാത്രം) രൂപയാണെന്നും, ടി സ്ഥാപനം 10/05/1990-ൽ അടച്ച 50,000/- (അൻപതിനായിരം രൂപ മാത്രം) രൂപ കുറവ് വന്നതിനു ശേഷം അവശേഷിക്കുന്ന നഷ്ടം 3,75,949/- (മൂന്ന് ലക്ഷത്തി എഴുപത്തി അയ്യായിരത്തി തൊള്ളായിരത്തി നാൽപ്പത്തി

ഒൻപത് രൂപ മാത്രം) രൂപയാണെന്നും അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (സംരക്ഷണം), പരാമർശം പ്രകാരം, അറിയിക്കുകയുണ്ടായി.

(2) മേൽ പ്രകാരം നഷ്ടമുണ്ടാക്കിയ M/s. റിയാസ് എന്റർപ്രൈസസ് എന്ന സ്ഥാപനത്തെപ്പറ്റി അറിയുവാൻ കഴിഞ്ഞിട്ടില്ലാത്തതിനാലും, ടി സ്ഥാപനത്തിനെതിരെ റവന്യൂ റിക്കവറി നടപടി ഫലപ്രദമാവില്ലായെന്ന് കണ്ടതിനാലും, ടി വിഷയവുമായി ബന്ധപ്പെട്ട ഭൂരിഭാഗം ജീവനക്കാരും സർവ്വീസിൽ നിന്നും വിരമിച്ചതിനാലും, ഈ വിഷയത്തിലെ കാലപ്പഴക്കം കണക്കിലെടുത്തും, മെസേഴ്സ് റിയാസ് എന്റർപ്രൈസസ് എന്ന സ്ഥാപനംമൂലം സർക്കാരിനുണ്ടായ 3,75,949/- രൂപയുടെ (മൂന്ന് ലക്ഷത്തി എഴുപത്തി അയ്യായിരത്തി തൊള്ളായിരത്തി നാൽപ്പത്തി ഒൻപത് രൂപ മാത്രം) നഷ്ടം എഴുതിത്തള്ളുവാനും, ടി സ്ഥാപനത്തെ ബ്ലാക്ക് ലിസ്റ്റിൽപ്പെടുത്തുവാനും നടപടികൾ സ്വീകരിക്കണമെന്നും, പരാമർശം പ്രകാരം, അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (സംരക്ഷണം) ശിപാർശ ചെയ്യുകയുണ്ടായി.

(3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, 10/5/1990-ൽ മറയൂർ റെയിഞ്ചിൽ നടന്ന ചന്ദനലേലത്തിൽ, M/s. റിയാസ് എന്റർപ്രൈസസ്, 921, വി.എച്ച്.റോഡ്, മദ്രാസ്-84, എന്ന സ്ഥാപനം ലേലം കൊണ്ടിരുന്ന ചന്ദനം യഥാസമയം ലേലത്തുകയടച്ച് നീക്കം ചെയ്യാത്തതിനാൽ, പുനർലേലം ചെയ്ത് വിറ്റ വകയിൽ സർക്കാരിനുണ്ടായ 3,75,949/- രൂപയുടെ (മൂന്ന് ലക്ഷത്തി എഴുപത്തി അയ്യായിരത്തി തൊള്ളായിരത്തി നാൽപ്പത്തി ഒൻപത് രൂപ മാത്രം) നഷ്ടം എഴുതിത്തള്ളാൻ അനുവാദം നല്കിക്കൊണ്ടും, ടി സ്ഥാപനത്തെ ബ്ലാക്ക് ലിസ്റ്റിൽപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കുന്നതിന്, അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (സംരക്ഷണം)-നെ ചുമതലപ്പെടുത്തിക്കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

BINOD K

ഡെപ്യൂട്ടിസെക്രട്ടറി

പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ & ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സസ്, ഫോറസ്റ്റ് ഹെഡ്ക്വാർട്ടേഴ്സ്, വഴുതക്കാട്, തിരുവനന്തപുരം.

അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (സംരക്ഷണം) , ഫോറസ്റ്റ് ഹെഡ്ക്വാർട്ടേഴ്സ്, വഴുതക്കാട്, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ &ഇ) കേരള, തിരുവനന്തപുരം.

ധനകാര്യവകുപ്പ്(28/12/2020-ലെ അഗ്രി-സി2/116/2020-ഫിൻ പ്രകാരം)

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻ (വെബ് ആന്റ് ന്യൂ മീഡിയ) വകുപ്പ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

സ്റ്റോക്ക് ഫയൽ /ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signature valid

Digitally signed by PADMINI K S
Date: 2021.02.24 11:23:38 IST
Reason: Approved